

## വിണ്ണിലേക്കൊരു യാത്രാമൊഴി......

വെണ്ണപോലുരുകും  മനം...
വെൺപ്രഭാവം ജ്വലിക്കും മുഖം...
വിശ്വശാന്തിക്കാത്മാവു ബലി നൽകി...
വാഴ്കെ വാണൊരു മഹാ പുരോഹിതാ...

വാക്കുകൾക്കതീതമാം  തീരാനഷ്ടമാം
ദേഹവിയോഗമാം  വാർത്ത ശ്രവിക്കവേ...
ഓർത്തുപോയെന്നുള്ളം പണ്ടെന്നൊരിക്കൽ
ബാവതൻ ദർശനം സാക്ഷീകരിച്ച നാൾ...

മഞ്ഞക്കൊടിയുമായ് മഞ്ഞയുടുപ്പിട്ട്..
ഹംസരഥത്തിന്നായ് കാത്തുനിന്നനാൾ
നേർക്കുനേർ  അന്നതാ പാൽപുന് ചിരിയുമായ്
ബാവതൻ ആശിസ്സു  മേൽപതിച്ചു...

ഐക്യപ്രേമിയാം  സമാധാനകാംക്ഷിയാം
വാൽസല്യ ചൂഡാമണിയാം പ്രിയപിതാവേ..
വിണ്ണിൻമക്കളോടൊത്തൊരുമിച്ചഹോ
ഞങ്ങൾക്കുവേണ്ടിയങ്ങപേക്ഷിച്ചാലും...

ശ്രേഷ്ഠമാം  ശക്തിയാം അങ്ങുതൻ വാഴ്‌വുകൾ
മാറ്റൊലികൊള്ളട്ടീപ്പാരിലെങ്ങുമെന്നാളും
സാധുസ്നേഹം പരിത്യാഗം സൽഗുണാം
തത്പ്രവർത്തികൾ  നമ്മെ എന്നെന്നും നടത്തട്ടേ...

**************

സുനിത ജിജോ ഫ്ളവര്ഹിൽ,
സെന്റ് പീറ്റേഴ്സ് സിറിയക് ഓർത്തഡോക്സ് കത്തീഡ്രൽ
ഫിലഡൽഫിയ, യു.എസ്.എ

